ങ്ങൾ ലഭ്യമാക്കുന്നതിനും വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നെൽക്കൃഷിയുടെ സമഗ്ര വികസനത്തിനായി പാഡിബോർഡ് രൂപീകരിച്ചു. സർക്കാർ ഉടമസ്ഥതയിൽ 3 റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിക്കാർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. ഇതര കൃഷിക്ക് 2 ഹെക്ടർവരെയും സൗജന്യമാക്കിയിട്ടുണ്ട്.

(ബി) ഹെക്ടറിന് 250 രൂപയായിരുന്നത് 350 രൂപ നിരക്കിൽ വർദ്ധിപ്പിച്ച ഉൽപ്പാദന ബോണസ്, ഉൽപ്പാദന ഉപാധികൾക്കായി 50 ശതമാനം നിരക്കിൽ പരമാവധി 500 രൂപ/ഹെക്ടർ, പുതുതായി നെൽക്കൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ഹെക്ടറിന് 1000 രൂപ 100 വിത്തു വില്ലേജുകൾ സ്ഥാപിക്കുന്നതിനും 2000 ഹെക്ടറിൽ വിത്തുൽപാദനത്തിനുമായി പ്രോത്സാഹനമായി ടണ്ണിന് 1000 രൂപ, വിള ഇൻഷ്വറൻസ് പ്രകാരം, വിള നാശത്തിന് 1500 രൂപ എന്നിവയാണ് സാമ്പത്തിക സഹായങ്ങൾ കൂടാതെ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ചെറുകിട യന്ത്രങ്ങൾ, ഉൽപ്പാദനോപാധികൾ, ഫീൽഡ് ഡമോൺസ്ട്രേഷൻ തുടങ്ങിയ വഴിയും സാമ്പത്തികമായി സഹായം ലഭിക്കുന്നുണ്ട്.

(സി)&(ഡി) നെൽക്കൃഷി മേഖലയിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന പാടശേഖരങ്ങളിൽ ഉൽപ്പാദനോപാധികൾക്ക് ഒരു ഹെക്ടറിന് 750 രൂപ വീതം ഈ സാമ്പത്തിക വർഷം മുണ്ടകൻ കൃഷി മുതൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബസുമതി നെൽക്കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ബസുമതി നെൽകർഷകർക്ക് വിത്ത്, ഉൽപ്പാദനോപാധികൾ, നെല്ലു സംഭരണം തുടങ്ങിയവയ്ക്കായി ഹെക്ടർ ഒന്നിനും 2100 രൂപയുടെ സഹായം ലഭ്യമാകും. ഇതു കൂടാതെ കർഷകരുടെ പങ്കാളിത്തതോടെ പ്രദേശങ്ങൾക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷിരീതികളും പരീക്ഷിച്ച് ഉറപ്പു വരുത്തുന്നതിനും സാങ്കേതിക വികസന പദ്ധതി പ്രകാരം ബസുമതി നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് പ്രത്യേക സഹായമെന്ന നിലയിൽ ഹെക്ടർ ഒന്നിനും 4150 രൂപയുടെ സഹായം നൽകും. സംഭരണ പ്രോത്സാഹനമായി ക്വിന്റൽ ഒന്നിന് 60 രൂപ നിരക്കിൽ സംഭരണ ഏജൻസിക്കു നൽകും. കർഷകർ നേരിട്ടു സംഭരണ ഏജൻസിയെ ഏൽപ്പിച്ചാൽ കർഷകർക്ക് ക്വിന്റലിന് 40 രൂപയും നൽകും.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നു ലഭിച്ച ധനസഹായം

20 (*80) ശ്രീമതി രാധാരാഘവൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റബ്ബർ, നാളികേരം, കുരുമുളക് മുതലായ കാർഷികോൽപ്പന്നങ്ങളുടെ വിലയിൽ ഇടിവുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ കർഷകർക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ചു കർഷകർക്ക് കേന്ദ്രഗവൺമെന്റിൽനിന്ന് നഷ്ടപരിഹാരം ലഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കാർഷിക വിളകളുടെ വില വർദ്ധിപ്പിക്കുന്നതിനോ കർഷകർക്കു വേണ്ടി മറ്റാനുകൂല്യങ്ങൾ നേടുന്നതിനോ ഒരു സർവ്വകക്ഷി നിവേദക സംഘം കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ഭരണകക്ഷികളുടെ നിവേദകസംഘം കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(ജി) ഇതിൽ കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം അനുവദിച്ചു; വിശദ വിവരം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വിവേചനരഹിതമായ ഇറക്കുമതിനയത്തിന്റെ ഫലമായി വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) നാളികേരത്തിന്റെ വിലയിടിവ് പ്രമാണിച്ച് 2000 സീസണിൽ കിന്റലിന് 3250 രൂപ നിരക്കിൽ മില്ലിംഗ് കൊപ്ര കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം 2000 മാർച്ച് 8 മുതൽ ശേഖരിച്ചുവരുന്നു. റബ്ബറിന്റെ ബഞ്ചുമാർക്കുവില 34.05 രൂപ കിലോവിനു നിജപ്പെടുത്തി എസ്.റ്റി.സി.മുഖേന റബ്ബർ സംഭരണം നടത്തി വരുന്നു. മറ്റു കാർഷിക ഉൽപ്പന്നങ്ങൾക്കുണ്ടായിട്ടുള്ള വിലയിടിവ് പരിഹരിക്കുന്നതിന് താങ്ങുവില ഏർപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കാർഷിക വിളകളുടെ വിലയിടിവ് ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

(ഇ) മുഖ്യമന്ത്രി, കൃഷിമന്ത്രി, പാർലമെന്റ് അംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവരെല്ലാം നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ നമ്മുടെ കാർഷിക വിളകൾക്ക് ദോഷകരമായ വ്യവസ്ഥകൾ റദ്ദാക്കുക, ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 30% മാക്കുക റബ്ബറിനു താങ്ങുവില പ്രഖ്യാപിച്ച് ശേഖരിക്കുക, കാർഷിക വിളകളുടെ സംരക്ഷണ പരിപാടികൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയവയാണ്.

(ജി) കേരളത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അനുകൂലമല്ല.

നെല്ലു സംഭരണ സംസ്കരണ വിപണന പദ്ധതി

21 (*81) ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly